



കേരളത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജ് വരെയുള്ള ആശുപത്രികളിലെ സർക്കാർ ഡോക്ടർമാർ ദീർഘകാല അവധിയെടുത്ത് വർഷങ്ങളായി മുങ്ങിയതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് 13-8-2007 ന് അനധികൃതമായി ജോലിയ്ക്ക് ഹാജരാകാത്തവർക്ക് കാരണം കാണിക്കൽ നോട്ടീസ് കൊടുക്കുകയുണ്ടായി. ഇതനുസരിച്ച് പലരേയും പിരിച്ചുവിട്ടു.

**ഈ ഡോക്ടർമാരെ പിരിച്ചുവിട്ടാൽ മാത്രം മതിയോ? തൊഴിൽ സംബന്ധമായ പെരുമാറ്റരീതി, മര്യാദ, ധാർമ്മികത എന്നിവയുടെ അടിസ്ഥാനത്തിൽ**

# ഈ ഡോക്ടർമാരെ സാമൂഹ്യമായി ശിക്ഷിക്കേണ്ടതുണ്ട്

**മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ**

**നോട്ടിഫിക്കേഷൻ**

No. MC1-211(2)/2001/Registration

പരിഭാഷ : അഞ്ജലി

**മെഡിക്കൽ** കൗൺസിൽ ഓഫ് ഇന്ത്യ ഇന്ത്യൻ മെഡിക്കൽ കൗൺസിൽ ആക്റ്റിന്റെ 20എ, 33എം എന്നീ വകുപ്പുകൾ പ്രകാരം നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തോടുകൂടി രജിസ്റ്റേഡ് **മെഡിക്കൽ പ്രാക്ടീഷണർമാരുടെ തൊഴിൽസംബന്ധമായ പെരുമാറ്റരീതി, മര്യാദ, സദാചാരം തുടങ്ങിയവയെ സംബന്ധിച്ച്** ഇനി പറയുന്നതായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു.

1. ഈ നിയമം ഇന്ത്യൻ മെഡിക്കൽ കൗൺസിൽ (Professional Conduct, Eliquelt and Ethics) എന്ന് അറിയപ്പെടും.

2. ഇത് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി തൊട്ട് നിലവിൽവരും.

**അദ്ധ്യായം - 1**

1. വൈദ്യശാസ്ത്രപരമായ ധാർമ്മികതയെ സംബന്ധിച്ച നിയമങ്ങൾ:

എ) പ്രസ്താവന : ഈ നിയമത്തിൻകീഴിൽ രജിസ്റ്റർ ചെയ്യപ്പെടാൻ അപേക്ഷ നൽകുന്ന ഓരോരുത്തർക്കും അനുബന്ധം 1-ൽ കൊടുത്തിരിക്കുന്ന പ്രകാരമുള്ള ഒരു പ്രസ്താവന നൽകുന്നതാണ്. ഇത് ഒപ്പിട്ട് തിരികെ സമർപ്പിക്കുന്നത് കൂടാതെ ഇത് വായിച്ച് മനസ്സിലാക്കിയെന്നും അനുവർത്തിക്കുന്നതിന് സമ്മതമാണെന്നുമുള്ള ഒരു സമ്മതപത്രവും നൽകേണ്ടതാണ്.

ബി) ഒരു ചികിത്സകന്റെ പൊതുവായ ചുമതലകളും ഉത്തരവാദിത്വങ്ങളും.

1.1 ഒരു ചികിത്സകന് ഉണ്ടായിരിക്കേണ്ട സവിശേഷ ഗുണങ്ങൾ. (ചികിത്സകൻ (ഡോക്ടർ) എം.ബി.ബി.എസ്. അല്ലെങ്കിൽ എം.ബി.ബി.എസിനുശേഷം മാസ്റ്റർ ഡിഗ്രിയോ ഡിപ്ലോമയോ എടുത്തിട്ടുള്ള ഡോക്ടർമാരും വൈദ്യശാസ്ത്രത്തിന്റെ മറ്റേതെങ്കിലും വിഭാഗത്തിൽ സമാനമായ യോഗ്യത നേടിയിട്ടുള്ളവരും)

1.1.1. ഒരു ചികിത്സകൻ എപ്പോഴും വൈദ്യവൃത്തിയുടെ അന്തസ്സും മാഹാത്മ്യവും ഉയർത്തിപ്പിടിക്കണം.

1.1.2. **വൈദ്യവൃത്തിയുടെ പ്രാഥമികമായ ലക്ഷ്യം മനുഷ്യനെ സേവിയ്ക്കുക എന്നതാണ്.** പ്രതിഫലവും സാമ്പത്തിക നേട്ടവും അനുബന്ധ പരിഗണനകൾ മാത്രമാണ്. ഈ പ്രവൃത്തിരംഗം തിരഞ്ഞെടുക്കുന്ന ഓരോ ആളും അതിന്റെ ഉന്നത ആദർശങ്ങൾക്കനുസൃതമായി പെരുമാറുവാൻ ബാദ്ധ്യസ്ഥനാണ്. ഒരു ചികിത്സകൻ

രോഗശമനം പ്രദാനം ചെയ്യുന്നതിൽ പരിശീലനം ലഭിച്ചിട്ടുള്ള ആദർശനിഷ്ടനായ വ്യക്തി ആയിരിക്കണം. ശുദ്ധരായ വ്യക്തിത്വമുള്ളവനും രോഗിയെ പരിചരിക്കുന്നതിൽ ശ്രദ്ധയുള്ളവനും ആകണം. വിനീതനും ശാന്തനും ക്ഷമാശീലനും തന്റെ ചുമതലകൾ ഉൽക്കണ്ഠകളൊന്നുമില്ലാതെ കൃത്യമായി നിർവ്വഹിക്കുന്നവനും തന്റെ തൊഴിലിന് അനുയോജ്യമായ സ്വഭാവരീതികൾ ഓരോ പ്രവൃത്തിയിലും അനുവർത്തിക്കുന്നവനും ആകണം.

1.1.3. ഇന്ത്യൻ മെഡിക്കൽ കൗൺസിൽ അംഗീകരിച്ചിട്ടുള്ള യോഗ്യതയുള്ളവരും ഇന്ത്യൻ മെഡിക്കൽ കൗൺസിലിലോ സംസ്ഥാന മെഡിക്കൽ കൗൺസിലുകളിലോ രജിസ്റ്റർ ചെയ്തിട്ടുള്ളവരുമായ ഡോക്ടർമാർ മാത്രമേ ആധുനികവൈദ്യശാസ്ത്രത്തിൽ രോഗ ചികിത്സനടത്തുന്നതിനും ശസ്ത്രക്രിയകൾ ചെയ്യുന്നതിനും അനുവദിക്കപ്പെട്ടിട്ടുള്ളൂ. മറ്റ് വൈദ്യശാസ്ത്രവിഭാഗങ്ങളിൽ പ്രാവീണ്യം നേടിയിട്ടുള്ളവരെ ആധുനികവൈദ്യശാസ്ത്ര വിധിപ്രകാരമുള്ള ചികിത്സ നടത്തുന്നതിന് അനുവദിക്കുന്നതല്ല.

1.2. വൈദ്യപ്രവൃത്തിയുടെ നന്മ നിലനിർത്തുക

വൈദ്യപ്രവൃത്തിയുടെ പ്രാഥമികലക്ഷ്യം മനുഷ്യനെ സേവിയ്ക്കുക - തൊഴിലിന്റെയും മനുഷ്യന്റെയും അന്തസ്സിനെ പൂർണ്ണമായും ബഹുമാനിച്ചുകൊണ്ട് - എന്നതാണ്. ചികിത്സകൻ തന്നെ സമീപിയ്ക്കുന്ന ഓരോ രോഗിയ്ക്കും പൂർണ്ണതോതിലുള്ള ശ്രദ്ധയും സേവനവും നൽകി അവരുടെ വിശ്വാസം ആർജ്ജിക്കേണ്ടതാണ്. തങ്ങളുടെ വൈദ്യശാസ്ത്രപരമായ അറിവിനെയും പരിചയത്തെയും എപ്പോഴും പോഷിപ്പിച്ചുകൊണ്ടിരിക്കുകയും അതിന്റെ ഗുണഫലങ്ങൾ തന്റെ രോഗികൾക്കും സഹപ്രവർത്തകർക്കും ലഭ്യമാക്കുകയും വേണം. ഒരു ചികിത്സകൻ ശാസ്ത്രീയമായി സ്ഥാപിക്കപ്പെട്ട രീതികൾ മാത്രമേ ചികിത്സയ്ക്കായി ഉപയോഗിയ്ക്കുവാൻ പാടുകയുള്ളൂ. മാത്രമല്ല, ഈ തത്വം ലംഘിക്കുന്നവരുമായി ജോലി സംബന്ധമായി സഹകരിക്കുവാനും പാടുള്ളതല്ല. വൈദ്യവൃത്തിയുടെ ശ്രേഷ്ഠമായ മൂല്യങ്ങൾ അനുസരിച്ച് ചികിത്സകന്റെ ഉത്തരവാദിത്വം വ്യക്തികളോട് മാത്രമല്ല പൊതുസമൂഹത്തോട് മുഴുവനും വ്യാപിക്കുന്നതാണ്.

1.2.2. മെഡിക്കൽ സൊസൈറ്റിയിലെ അംഗത്വം: തന്റെ തൊഴിൽപരമായ ഉന്നതിക്കുവേണ്ടി ഒരു ചികിത്സകൻ ആധുനികവൈദ്യശാസ്ത്രരംഗത്തെ അസ്സോസിയേഷനുകളും സൊസൈറ്റികളുമായി സഹകരിക്കുകയും അവയുടെ പ്രവർത്തനങ്ങളിൽ സജീവപങ്കാളിത്തം വഹിക്കുകയും വേണം.

**ഡോക്ടർമാരെ സംബന്ധിച്ച ഇക്കാര്യങ്ങളിൽ ഇടപെട്ട് പ്രവർത്തിക്കാൻ താല്പര്യമുള്ളവർ ബന്ധപ്പെടുക. കളം രാജൻ, കോട്ടയ്ക്കൽ 9446769476**

1.2.3. ഒരു ചികിത്സകൻ തുടർ മെഡിക്കൽ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ഓരോ അഞ്ചുവർഷത്തിലും കുറഞ്ഞത് 30 മണിക്കൂർ ദൈർഘ്യമുള്ളതും പ്രശസ്തമായ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളോ അല്ലെങ്കിൽ അംഗീകരിക്കപ്പെട്ട സ്ഥാപനങ്ങളോ നടത്തുന്നതുമായ തൊഴിൽസംബന്ധമായ സമ്മേളനങ്ങളിൽ പങ്കെടുക്കേണ്ടതാണ്. ഇപ്രകാരം പങ്കെടുത്തതിന്റെ വിവരങ്ങൾ ഇന്ത്യൻ മെഡിക്കൽ കൗൺസിലിനെയോ സംസ്ഥാന മെഡിക്കൽ കൗൺസിലുകളെയോ യഥാവിധി അറിയിക്കേണ്ടതാണ്.

1.3. ചികിത്സാരേഖകൾ സൂക്ഷിക്കൽ: ഓരോ ചികിത്സകനും അവർ ആശുപത്രിയിൽ പ്രവേശിപ്പിച്ച് ചികിത്സിക്കുന്ന എല്ലാ രോഗികളുടെയും വിവരങ്ങൾ ചികിത്സ ആരംഭിച്ച തിയ്യതി തൊട്ട് 3 വർഷം വരെ ഒരു നിശ്ചിത രീതിയിൽ സൂക്ഷിക്കേണ്ടതാണ്.

1.3.2. ചികിത്സാസംബന്ധമായ രേഖകൾ രോഗിക്ക് വേണ്ടപ്പെട്ടവരോ നിയമപരമായി അധികാരമുള്ളവരോ ആവശ്യപ്പെടുകയാണെങ്കിൽ അത്തരം രേഖകൾ 72 മണിക്കൂറിനുള്ളിൽ കൈമാറേണ്ടതാണ്.

1.3.3. ഓരോ ചികിത്സകനും ഞാൻ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റുകളുടെ മുഴുവൻ വിവരങ്ങളും അടങ്ങുന്ന ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഓരോ മെഡിക്കൽ സർട്ടിഫിക്കറ്റിലും രോഗിയുടെ തിരിച്ചറിയൽ അടയാളങ്ങൾ രേഖപ്പെടുത്തുകയും സർട്ടിഫിക്കറ്റിന്റെ ഒരു പ്രതി കൈവശം സൂക്ഷിക്കുകയും വേണം. രോഗിയുടെ ഒപ്പ് അല്ലെങ്കിൽ വിരലടയാളം, അഡ്രസ്സ്, തിരിച്ചറിയുന്നതിനുള്ള അടയാളം (കുറഞ്ഞത് ഒരെണ്ണം) ഇവ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്താൻ മറക്കരുത്.

1.3.4. ചികിത്സാ രേഖകൾ കമ്പ്യൂട്ടർവൽക്കരിക്കാൻ ശ്രമിക്കണം.

1.4. രജിസ്ട്രേഷൻ നമ്പറിന്റെ പ്രദർശനം

1.4.1. ഓരോ ചികിത്സകനും അവർ ഇന്ത്യൻ മെഡിക്കൽ കൗൺസിൽ അല്ലെങ്കിൽ സംസ്ഥാന മെഡിക്കൽ കൗൺസിലുകൾ നൽകുന്ന രജിസ്ട്രേഷൻ നമ്പർ തന്റെ ചികിത്സാലയത്തിൽ പ്രദർശിപ്പിക്കുകയും രോഗികൾക്ക് കൊടുക്കുന്ന മരുന്നുകുറിപ്പുകൾ, രസീതികൾ തുടങ്ങിയവയിൽ ചേർക്കുകയും വേണം.

*(തുടരും)*